**പതിമൂന്നാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.8168 — 25.07.2012-ൽ മറുപടിയ്ക്ക്

<u>ആലപ്പുഴ മെഡിക്കൽ കോളേജ് മാസ്റ്റർ പ്ലാൻ</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ | **ശ്രീ. വി.എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ) | ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയുടെ മാസ്റ്റർ പ്ലാൻ അംഗീകരിച്ച മുഴുവൻ പ്രവർത്തനങ്ങളും പൂർത്തിയാക്കിയോ; | എ) & ബി) & സി) | മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഘട്ടം ഘട്ടമായാണ് നടത്തുന്നത്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകി വരുന്നു. ഭരണാനുമതി നൽകുന്ന മുറയ്ക്ക് കെട്ടിടങ്ങളുടെ പണി നടന്ന് വരുന്നു. ഇതിന് പ്രത്യേക തടസ്സങ്ങളൊന്നുമില്ല. |
| ബി) | ഇല്ലെങ്കിൽ എന്ന് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | | |
| സി) | പൂർത്തിയാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ അവ എന്തെന്ന് വ്യക്തമാക്കുമോ; | | |
| ഡി) | മാസ്റ്റർ പ്ലാൻ അനുസരിച്ച് ഇനി എന്തെല്ലാം പ്രവർത്തനങ്ങളാണ് പൂർത്തിയാക്കുവാനുള്ളത്; വ്യക്തമാക്കുമോ? | ഡി) | അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ഡെന്റൽ കോളേജ്, ഫാർമസി കോളേജ്, പി.ജി.റെസിഡെൻസ് ക്വാർട്ടേഴ്സ്, ട്രോമാ കെയർ യൂണിറ്റ് ക്യാഷ്വാലിറ്റി ബ്ലോക്ക് എന്നിവ പൂർത്തിയാക്കുവാനുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ